കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം ജീവനക്കാര്യം കൊല്ലം നഗരസഭയിലെ മുൻ യു.ഡി.ക്ലാർക്ക് ശ്രീ. കെ. കൃഷ്ണകുമാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)19407/2012 റിട്ട് പെറ്റിഷനിൻമേലുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.3418/2012/തസ്വഭവ. തീയതി, തിരുവനന്തപുരം, 11/12/2012.

പരാമർശം :
1. 30/7/2012 ലെ ശ്രീ. കൃഷ്ണകുമാറിന്റെ അപേക്ഷ.
2. ശ്രീ. കെ. കൃഷ്ണകുമാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത 19407/12 റിട്ട് പെറ്റിഷനിൽ ബഹു. ഹൈക്കോടതി 17/8/2012 ന് പുറപ്പെടുവിച്ച വിധിന്യായം.
3. നഗരകാര്യ ഡയറക്ടറുടെ 22/9/2012, 11/10/2012 എന്നീ തീയതികളിലെ വി.1/16860/11 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം കോർപ്പറേഷനിൽ യു.ഡി.ക്ലാർക്കായിരുന്ന ശ്രീ. കെ. കൃഷ്ണകുമാറിനെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനും, BPL സംബന്ധമായ ജോലികൾ സമയബന്ധിതമായി ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിനും കരീപ്പുഴ ചണ്ടി ഡിപ്പോക്ക് സ്ഥലം ഏറ്റെടുത്തതിലുള്ള ചില ക്രമക്കേടുകൾ സംബന്ധിച്ചും കൊല്ലം നഗരസഭാ സെക്രട്ടറിയുടെ 09/09/2009 ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിരുന്നു. ശ്രീ. കൃഷ്ണകുമാറിനെതിരായ അച്ചടക്കനടപടിയുടെ ഭാഗമായി ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടുകൂടി തടയുകയും ചെയ്തുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ടിയാളുടെ ബാധ്യതയായി കണക്കാക്കിയ 25,42,215 രൂപ ഈടാക്കുന്നതിനും കൊല്ലം നഗരസഭാ സെക്രട്ടറി 12/5/2011 ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നഗരസഭാ സെക്രട്ടറിയുടെ മേൽപ്പറഞ്ഞ ഉത്തരവിനെതിരെ ശ്രീ. കൃഷ്ണകുമാർ നഗരകാര്യ ഡയറക്ടർക്ക് 1960 ലെ KCS(CC&A) ചട്ടങ്ങൾ പ്രകാരം അപ്പീൽ 27/01/2011 ന് സമർപ്പിച്ചു. എന്നാൽ ടി അപ്പീൽ അപേക്ഷ 107 ദിവസത്തിന് ശേഷം മാത്രമാണ് സമർപ്പിച്ചിട്ടുള്ളത് എന്ന കാരണത്താൽ നഗരകാര്യ ഡയറക്ടർ 19/5/2012 ന് നിരസിച്ചു. പ്രസ്തുത നടപടിക്കെതിരെ ടിയാൻ 1960 ലെ KCS(CC&A) ചട്ടങ്ങൾ ചട്ടം 34 പ്രകാരം 30/7/2012 ൽ സർക്കാരിൽ സമർപ്പിച്ച റിവ്യൂ പെറ്റിഷനിൽ സമയബന്ധിതമായി തീർപ്പുകൽപിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.കൃഷ്ണകുമാർ ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്തു. പ്രസ്തുത റിട്ട് പെറ്റിഷനിലെ പ്രധാന ആവശ്യം

കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകാൻ താമസിച്ചത് മാപ്പാക്കി നൽകണമെന്നാണ്. ശ്രീ. കൃഷ്ണകുമാറിനെ നേരിൽ കേൾക്കാനും റിവ്യൂ പെറ്റിഷൻ പരിഗണിക്കുന്നതുവരെ ബാധ്യത ഈടാക്കുന്നതിന് നടപടി സ്വീകരിക്കരുതെന്നും കോടതി ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനകം തീർപ്പുകൽപിക്കണമെന്നുമാണ് ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് പരാമർശം (2) പ്രകാരം ഹൈക്കോടതി നിർദ്ദേശിച്ചിരുന്നത്.

മേൽപ്പറഞ്ഞ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. കൃഷ്ണകുമാറിനെ സർക്കാർ പ്രതിനിധി നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ ശ്രീ. കൃഷ്ണകുമാർ ഉന്നയിച്ച വാദങ്ങളുടെ അടിസ്ഥാനത്തിലും പരാമർശം(3) പ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം കോർപ്പറേഷനിൽ യു.ഡി.ക്ലാർക്കായിരിക്കെ ശ്രീ. കെ. കൃഷ്ണകുമാറിനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടിയുടെ ഭാഗമായി ടിയാന് ശിക്ഷ വിധിച്ചുകൊണ്ട് 12/05/2011 ന് കോർപ്പറേഷൻ സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിനെതിരെ ശ്രീ. കൃഷ്ണകുമാർ ചട്ടപ്രകാരമുള്ള അപ്പീൽ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കിയും, ചട്ടപ്രകാരമുള്ള അപ്പീൽ ഫയൽ ചെയ്യുന്നതിന് ഈ ഉത്തരവ് കൈപ്പറ്റി ഒരു മാസം വരെ സമയം അനുവദിച്ചും ഉത്തരവാകുന്നു. പ്രസ്തുത അപ്പീലിൽ 1960-ലെ KCS(CC&A) ചട്ടങ്ങൾ അനുശാസിക്കും പ്രകാരം നഗരകാര്യ ഡയറക്ടർ സമയബന്ധിതമായി തീർപ്പുകൽപ്പിക്കേണ്ടതാണ്.

പരാമർശം(1) ആയി വായിച്ച ബഹു. ഹൈക്കോടതിയി വിധി ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. ജലീൽ,
സ്പെഷ്യൽ സെക്രട്ടറി.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (With Covering Letter)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ.(മേയർ മുഖേന)
ശ്രീ. കൃഷ്ണകുമാർ, യു.ഡി.ക്ലാർക്ക്, ആലുവ മുനിസിപ്പാലിറ്റി(ആലുവ നഗരസഭാ സെക്രട്ടറി മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (IKM), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.